# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 398 — 27.02.2017 — ൽ മറുപടിക്ക്

## റേഷൻകാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻകാർഡ് വിതരണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) 2017 മാർച്ച് മാസത്തോടുകൂടി വിതരണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പുതിയ റേഷൻകാർഡ് ആധാർ സംവിധാനവുമായി ബന്ധിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി മുഖാന്തിരമാണ് ചെയ്യുന്നത്; ഇതുമൂലം കാർഡ് ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. റേഷൻ കാർഡുകളുടെ അപേക്ഷയോടൊപ്പം ആധാർ വിവരങ്ങളും ശേഖരിച്ചിരുന്നു. ഈ വിവരങ്ങൾ നാഷണൽ ഇൻഫോർമാറ്റിക്സ് (എൻ.ഐ.സി) തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷൻ മുഖേന റേഷൻ കാർഡ് ഡാറ്റാബേസിൽ സീഡ് ചെയ്തിട്ടുണ്ട്. കാർഡുകളുടെ ഇരട്ടിപ്പ് ആധാർ മുഖേന കണ്ടെത്താൻ സാധിക്കും. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവായിപ്പോകുന്ന റേഷൻ കാർഡുടമകൾക്ക് എന്തെങ്കിലും റേഷൻ വിഹിതം സംസ്ഥാന പദ്ധതിയിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) മുൻഗണനേതര സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് ആളൊന്നിന് രണ്ടു രൂപ നിരക്കിൽ രണ്ട് കിലോ അരി അനുവദിച്ചു വരുന്നു. മുൻഗണനാ വിഭാഗക്കാർക്കും മുൻഗണനേതര സബ്സിഡി വിഭാഗക്കാർക്കും വിതരണം നടത്തിയ ശേഷം ശേഷിക്കുന്ന ഭക്ഷ്യ ധാന്യ വിഹിതം തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗങ്ങൾക്കും അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ